വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ദക്ഷിണ മേഖല ഗ്രീഡിൽ സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട അലോക്കേറ്റഡ് ഷെയർ കഴിച്ച് മിച്ചം വരുന്ന വൈദ്യുതിയാണ് അൺ അലോക്കേറ്റഡ് ഷെയർ. ഇത് ഓരോ സംസ്ഥാനത്തിന്റേയും വൈദ്യുതി കമ്മി അടിസ്ഥാനമാക്കി സെൻട്രൽ, വൈദ്യുതി അതോറിറ്റി കാലാകാലങ്ങളിൽ അലോക്കേറ്റ് ചെയ്യുന്നത് കൂടാതെ ഈസ്റ്റേൺ റീജിയണിലുള്ള അൺ അലോക്കേറ്റഡ് ഷെയറിന്റെ 15 ശതമാനം കൂടി നൽകണമെന്ന് കേരള സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) സംസ്ഥാന സർക്കാർ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിക്ക് ദക്ഷിണ ഗ്രിഡിൽ നിന്നുള്ള അൺഅലോക്കേറ്റഡ് പവറിന്റെ വിഹിതം 15 ശതമാനം ആയി പുന:സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് എഴുതിയിട്ടുണ്ട്. കൂടാതെ സംസ്ഥാന വൈദ്യുതി മന്ത്രി കേന്ദ്ര ഊർജ്ജ മന്ത്രിക്ക് കേരളത്തിന്റെ വിഹിതം അടിയന്തിരമായി നൽകണമെന്ന് കത്തു മുഖേന ആവശ്യപ്പെടുകയും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് കേരളത്തിന്റെ വിഹിതം നൽകേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി ഈസ്റ്റേൺ റീജിയണിലുള്ള അൺ അലോക്കേറ്റഡ് ഷെയർ വിഹിതമായ 12 ശതമാനം 18-3-2000 മുതൽ ലഭിച്ചു തുടങ്ങിയിട്ടുണ്ട്.

കേരള പ്രിമോ പൈപ്പ് ഫാക്ടറി തൊഴിലാളികൾക്ക് നൽകുവാനുള്ള ആനുകൂല്യം

11 (*491) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പ്രിമോ പൈപ്പ് ഫാക്ടറി അടച്ചുപൂട്ടിയതിനെ തുടർന്ന് തൊഴിലാളികൾക്ക് നൽകുവാനുള്ള സാമ്പത്തിക ആനുകൂല്യം മുഴുവൻ തൊഴിലാളികൾക്കും നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ മൊത്തം എത്ര സംഖ്യയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഫാക്ടറിയുടെ ചവറയിലെ സ്ഥലവും കെട്ടിടവും കോഴിക്കോട് ഏലത്തൂർ പഞ്ചായത്ത് പുന്തൂർ ദേശത്തുള്ള കെട്ടിടവും സ്ഥലവും മറ്റേതെങ്കിലും സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ കൈമാറുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ ഇതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ആകെയുള്ള 175 തൊഴിലാളികളിൽ 150 പേർ നിയമാനുസരണമുള്ള റിട്രസ്ചുമെന്റ് കോമ്പൻസേഷൻ സ്വീകരിച്ചിട്ടുണ്ട്. നാലുപേർ ദീർഘകാല അവധിയിലാണ്. ബാക്കിയുള്ള 21 തൊഴിലാളികൾ റിട്രസ്ചുമെന്റ് കോമ്പൻസേഷൻ ബനിഫിറ്റ് കുറഞ്ഞുപോയെന്നും വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ട് ബഹു: ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1,07,99,486.50 രൂപ (ഒരു കോടി ഏഴു ലക്ഷത്തി തൊണ്ണൂറ്റൊൻപതി നായിരത്തി നാന്നൂറ്റി എൺപത്താറു രൂപ അൻപതു പൈസ).

(സി) ഫാക്ടറിയുടെ സ്ഥലവും കെട്ടിടവും കൈമാറുന്നതിനെ കുറിച്ച് അന്തിമമായി തീരുമാനിച്ചിട്ടില്ല. എന്നാൽ ചവറയിലെ ഈ സ്ഥാപനത്തിന്റെ സ്ഥലം കേരള ലേബർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്താമോ എന്ന കാര്യം പരിഗണിച്ചുവരുന്നു.

(ഡി) തീരുമാനമായിട്ടില്ല.

സഹകരണസംഘങ്ങൾക്ക് സർക്കാരിൽ നിന്നുമുള്ള ധനസഹായം

12 (*492) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി. രാഘവൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നും ധനസഹായം നൽകുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് സർക്കാരിൽ നിന്നും സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നത് ;

(സി) സഹകരണസംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് സർക്കാർ എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത് ;

(ഡി) സർക്കാർ അനുവദിക്കുന്ന ധനസഹായം ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം ദുരുപയോഗപ്പെടുത്തുന്ന സംഘങ്ങളുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കാൻ വ്യവസ്ഥ ഏർപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) സഹകരണപ്രസ്ഥാനത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുവാനായിട്ടാണ് സഹകരണ സംഘങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിക്കുന്നത്.

(സി) ഓരോ പദ്ധതിക്കും പ്രത്യേകം പ്രത്യേകം നിബന്ധനകളാണ് നിശ്ചയിച്ചിട്ടുള്ളത്. പൊതുവായി സംഘങ്ങളിലെ അംഗത്വം, ഓഹരിമൂലധനം, നിലവിലുള്ള ആസ്തി/ബാദ്ധ്യത എന്നിവയുടെ അടിസ്ഥാനത്തിൽ, ഓരോ പദ്ധതിക്കും നിശ്ചയിച്ചിട്ടുള്ള പ്രോജക്ടിന്റെ സാദ്ധ്യതകൾ വിശകലനം ചെയ്ത്, സംഘത്തിന്റെ പ്രവർത്തനക്ഷമതയും സാദ്ധ്യതയും കണക്കിലെടുത്ത് അവയുടെ അടിസ്ഥാനത്തിലാണ് ഓരോ സംഘത്തിനും ധനസഹായം അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly